പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .151

10.06.2013-ൽ മറുപടിക്ക്

# അനുബന്ധ മത്സ്യത്തൊഴിലാളി പെൻഷൻ

ചോദ്യം | ഉത്തരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ് ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | അനുബന്ധ മത്സ്യത്തൊഴിലാളി പെൻഷന് അപേക്ഷിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 13.10.99-ലെ ജി.ഒ(പി)28/99/മതുവ നമ്പർ ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച് കണക്കാക്കുന്ന ദാരിദ്ര്യരേഖ നിരക്കിനേക്കാൾ താഴ്ന്നതായിരിക്കണം. എന്നാണ് പരിധി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | കുടുംബ വരുമാനം മാനദണ്ഡമായി നിശ്ചയിച്ചതുമൂലം വർഷങ്ങളായി തൊഴിലെടുത്ത് വരുന്നവരും ക്ഷേമ നിധി വിഹിതം അടച്ച് വരുന്നവരുമായ തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കാതെ പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ വിഷയത്തിൽ പ്രത്യേക പരിശോധന ആവശ്യമാണ്. |
| (സി) | മത്സ്യത്തൊഴിലാളി പെൻഷന് അപേക്ഷിക്കുന്നതിനുള്ള അതേ മാനദണ്ഡം അനുബന്ധ തൊഴിലാളികൾക്കും ബാധകമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ